പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1096 — 04/12/2014 ൽ മറുപടിക്ക്

## ദേശീയ ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായുള്ള അദ്ധ്യാപക നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.കെ. ബാലൻ** | **ശ്രീ. പി.കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചത്; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പാക്കിയത്; | എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് കേരള സ്കൂൾ പാഠ്യപദ്ധതി 2013 ൽ രൂപപ്പെടുത്തുകയും അതനുസരിച്ച് ആരോഗ്യ കായിക പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്കൂൾ കരിക്കുലം 2013 അനുസരിച്ച് ആരോഗ്യ കായിക പഠനം 1, 3 ക്ലാസ്സുകളിൽ മറ്റു വിഷയങ്ങളുടെ പാഠ പുസ്തകത്തിൽ ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 5, 7 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്റ്റിവിറ്റി പാക്കും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും രൂപപ്പെടുത്തിയിട്ടുണ്ട്. 1, 3, 5, 7 ക്ലാസ്സുകളിൽ ഈ അക്കാദമിക് വർഷം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) 2015-2016 വർഷത്തിൽ 2, 4 ക്ലാസ്സുകളിൽ മറ്റു വിഷയവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിക്കുകയും 6, 8 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്റ്റിവിറ്റി പാക്കും അദ്ധ്യാപകർക്ക് ടീച്ചർ ടെക്സ്റ്റും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് റഫൻസിനു വേണ്ടി എൽ.പി., യു.പി, എച്ച്.എസ്. തലങ്ങളിൽ ഓരോ സോഴ്സ് ബുക്കും തയ്യാറാക്കിയിട്ടുണ്ട്. |

സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എസ്.എസ്.എ. ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ലഭിച്ചത്; ഓരോ വർഷവും ലഭിച്ച തുക വ്യക്തമാക്കുമോ;

ഡി) ലഭിച്ച തുക ഓരോ വർഷവും ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ;

സി) & ഡി) സർക്കാരിൽ നിന്നും എസ്.എസ്.എ.യിലേക്ക് തുക ലഭിച്ചിട്ടുണ്ട്. ഈ തുക ജില്ലാ പ്രോജക്റ്റ് ഓഫീസർമാർ ജില്ലാ ട്രഷറികളിൽ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ വിനിയോഗത്തിനായി കൈമാറിയിട്ടുണ്ട്. ട്രഷറിയിൽ 0202-01-101-97 എന്ന ശീർഷകത്തിലേക്കാണ് തുക മാറ്റി നൽകിയിരിക്കുന്നത്. ലഭ്യമായതും ചെലവഴിച്ചതുമായി തുകയുടെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| വർഷം | അനുവദിച്ച തുക ലക്ഷത്തിൽ | ചെലവഴിച്ച തുക ലക്ഷത്തിൽ |
|---|---|---|
| 2010-11 | 5477.80 | ചെലവാക്കിയിട്ടില്ല |
| 2011-12 | 15466.90 | 1854.46 |
| 2012-13 | 3712.45 | 1496.80 |
| 2013-14 | 9144.00 | 8187.46 |
| 2014-15 | 14757.69 | -- |

ഇ) ഈ പദ്ധതി നടപ്പാക്കുന്നതിന് സ്കൂളുകളിൽ പാർട്ട് ടൈം കായിക അദ്ധ്യാപകരേയും കലാ അദ്ധ്യാപകരേയും നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരേ ഇതിനകം നിയമിച്ചിട്ടുണ്ട്; അവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; എപ്രകാരമാണ് നിയമനം നടത്തിയത്; എപ്രകാരമാണ് ശമ്പളം; നിയമനം ലഭിച്ചവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

ഇ) 01/10/2011 ലെ ജി.ഒ.(പി) നം. 199/2011/പൊ.വി. ഉത്തരവ് പ്രകാരം വിദ്യാഭ്യാസ അവകാശ നിയമ നിർദ്ദേശം അനുസരിച്ച് എസ്.എസ്.എ. വഴി പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ അനുവാദമുണ്ട്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. അധികമായി നിൽക്കുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുവാൻ 05/08/2014 ലെ 44373/ഡി2/2014/പൊ.വി. നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം റദ്ദുചെയ്തിട്ടുണ്ട്.

എഫ്) ഇതുവരെ നിയമനം നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

എഫ്) വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാലും അധികമായി നിൽക്കുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുവാൻ ഉള്ള നിർദ്ദേശത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായതിനാലും നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ